


कॆनरा बैंक Canara Bank




## എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ ഏപ്രിൽ 2021

ലക്കം : 04-2021

### പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീം (പിഐഎസ്)

പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീം അനുസരിച്ച് പ്രവാസി ഇന്ത്യക്കാർക്ക്, ഒരു ബാങ്ക് ശാഖയെ നാമനിർദ്ദേശം ചെയ്തുകൊണ്ട്, നിക്ഷേപിച്ച പണം വിദേശത്തേക്ക് തിരികെ കൊണ്ടുപോകാമെന്നുള്ളതോ, അല്ലെങ്കിൽ കൊണ്ടുപോകാനാകില്ലെന്നതോ ആയ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, ഒരു അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ബ്രോക്കർ മുഖാന്തരം ചില നിബന്ധനകൾക്ക് വിധേയമായി, ഇന്ത്യൻ കമ്പനികളുടെ ഷെയറുകളിലോ കൺവെർട്ടിബിൾ ഡിബെഞ്ചറുകളിലോ നിക്ഷേപിക്കാവുന്നതോ അവ വിൽക്കാവുന്നതോ ആണ്.

പദ്ധതിയുടെ വിശദാംശങ്ങൾ:

ഈ പദ്ധതി അനുസരിച്ച് നിക്ഷേപം നടത്താനായി പിഐഎസ് അക്കൌണ്ടിൽ ഇടപാടുകൾ നടത്താൻ മുക്ത്യാർ ധാരകനായ ഒരു റസിഡന്റ് വ്യക്തിയ്ക്ക് അനുമതിയുണ്ട്.

നിക്ഷേപിച്ച പണം വിദേശത്തേക്ക് തിരികെ കൊണ്ടുപോകാനാകില്ലെന്ന വ്യവസ്ഥയിലാണ് ഷെയർ/ഡിബെഞ്ചർ വിൽക്കുന്നത്/വാങ്ങുന്നത് എങ്കിൽ, പ്രവാസി ഇന്ത്യക്കാർ അതിനായി മാത്രമുള്ള ഒരു പിഐഎസ് (എൻആർഒ) അക്കൌണ്ട് തുറക്കേണ്ടതാണ്.

നിക്ഷേപിച്ച പണം വിദേശത്തേക്ക് തിരികെ കൊണ്ടുപോകാമെന്നുള്ള വ്യവസ്ഥയിലാണ് ഷെയർ/ഡിബെഞ്ചർ വിൽക്കുന്നത്/വാങ്ങുന്നത് എങ്കിൽ, പ്രവാസി ഇന്ത്യക്കാർ അതിനായി മാത്രമുള്ള ഒരു പിഐഎസ് (എൻആർഇ) അക്കൌണ്ട് തുറക്കേണ്ടതാണ്. ഈ പദ്ധതിയനുസരിച്ച് വാങ്ങിയ ഷെയറുകൾ/ഡിബെഞ്ചറുകൾ,കമ്പനി നിയമത്തിലെ വകുപ്പ് 6ൽ നിർവചിക്കപ്പെട്ട ബന്ധുക്കൾക്ക് പാരിതോഷികമായി ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. അടുത്ത ബന്ധുക്കൾക്കാണ് ട്രാൻസ്ഫർ ചെയ്യുന്നതെങ്കിൽ ഫോറം എഫ്സി-ടിആർഎസ്ൽ റിസർവ് ബാങ്കിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീം അനുസരിച്ച് പ്രവാസി ഇന്ത്യക്കാർ വാങ്ങിയ/വിറ്റ ഷെയറുകളുടെ/ഡിബെഞ്ചറുകളുടെ വിവരങ്ങൾ ഉടൻ തന്നെ ഫോറം എൽഇസിയിൽ, തങ്ങളുടെ പിഐഎസ് അക്കൌണ്ട് ഇരിക്കുന്ന, നാമനിർദ്ദേശം ചെയ്യപ്പെട്ട ശാഖയെ അറിയിക്കേണ്ടതാണ്.

പിഐഎസ് ആവശ്യത്തിലേക്കായി പ്രവാസി ഇന്ത്യക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ശാഖയുമായി മാത്രമേ ഇടപാടുകൾ നടത്താവൂ.

പ്രവാസി ഇന്ത്യക്കാർക്ക് ഓൺലൈൻ ട്രേഡിംഗ് സൌകര്യം

രജിസ്റ്റർ ചെയ്ത ബ്രോക്കർ മുഖാന്തരം പ്രവാസി ഇന്ത്യക്കാർക്ക് ഇന്ത്യൻ സ്റ്റോക്ക് മാർക്കറ്റിൽ നിക്ഷേപിക്കാവുന്നതും ട്രേഡ് ചെയാവുന്നതുമാണ്. ഓൺലൈൻ ട്രേഡിംഗ് അനുവദിക്കാത്ത നിയമങ്ങളുള്ള രാജ്യങ്ങളിലെ പ്രവാസി ഇന്ത്യക്കാർക്ക് ഞങ്ങളുടെ അനുബന്ധ സ്ഥാപനമായ കനറാ ബാങ്ക് സെക്യൂരിറ്റിസ് ലിമിറ്റഡ് (സിബിഎസ്എൽ) നൽകുന്ന സൌകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സൌകര്യം യുഎസ്എ യിലെ പ്രവാസി ഇന്ത്യക്കാർക്ക് ലഭ്യമല്ല.

കടപ്പത്രങ്ങളിൽ വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുടെ (പിഎഫ്ഐ) നിക്ഷേപം:

പിഎഫ്ഐകൾ, കുറഞ്ഞത് 3 വർഷത്തെ ശേഷിക്കുന്ന കാലാവധിയുള്ള സർക്കാർ ബോണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്. ഇനി മുതൽ, ഒരു കാറ്റഗറിയിൽ ഒരു പിഎഫ്ഐയുടെ അല്പാവധി നിക്ഷേപം ആ കാറ്റഗറിയിൽ ആ പിഎഫ്ഐയുടെ മൊത്തം നിക്ഷേപത്തിന്റെ 30%ൽ കൂടാൻ പാടില്ല എന്ന നിബന്ധനക്ക് വിധേയമായി, ശേഷിക്കുന്ന കാലാവധി സംബന്ധിച്ച നിബന്ധനയില്ലാതെ ട്രഷറി ബില്ലുകൾ, സ്റ്റേറ്റ് ഡവലപ്മെന്റ് വായ്പകൾ എന്നിവയടക്കം പിഎഫ്ഐകൾക്ക് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റികളിൽ നിക്ഷേപിക്കാവുന്നതാണ്.

**07.04.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) എഫ് സി എൻ ആർ [ബി] നിക്ഷേപങ്ങളിന്മേൽ പലിശനിരക്ക് താഴെപ്പറയുന്നു:**

**(% പ്രതിവർഷം)**

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| 1 വർഷവും അതിനു മുകളിലും 2 വർഷത്തിൽ താഴെ | 0.98 | 0.63 | പൂജ്യം | 1.12 | 0.63 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 1.05 | 0.79 | 0.01 | 1.13 | 0.69 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 4 വർഷത്തിൽ താഴെ | 1.27 | 0.93 | 0.06 | 1.43 | 0.86 |
| 4 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 1.53 | 1.07 | 0.12 | 1.71 | 1.16 |
| 5 വർഷം മാത്രം | 1.78 | 1.19 | 0.20 | 1.93 | 1.42 |

**07.04.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) ആർ എഫ് സി സാവധി നിക്ഷേപങ്ങളിന്മേലും ആർ എഫ് സി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളിന്മേലുമുള്ള പലിശ നിരക്ക് താഴെപ്പറയുന്നു:**

**(പലിശ നിരക്ക് % പ്രതിവർഷം)**

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| സേവിംഗ്സ് ബാങ്ക് | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 1 മാസവും അതിനു മുകളിലും എന്നാൽ 3 മാസത്തിൽ താഴെ | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 3 മാസവും അതിനു മുകളിലും എന്നാൽ 6 മാസത്തിൽ താഴെ | 0.09 | പൂജ്യം | പൂജ്യം | 0.02 | പൂജ്യം |
| 6 മാസവും അതിനു മുകളിലും എന്നാൽ 1 വർഷത്തിൽ താഴെ | പൂജ്യം | പൂജ്യം | 0.03 | പൂജ്യം | പൂജ്യം |
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 0.98 | 0.63 | - | 1.12 | 0.63 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 1.05 | 0.79 | 0.01 | 1.13 | 0.69 |
| 3 വർഷം മാത്രം | 1.27 | 0.93 | 0.06 | 1.43 | 0.86 |

**കനറാ ബാങ്ക് ഈമെയിൽ വഴി നിങ്ങളിൽ നിന്ന് യാതൊരു വിവരവും ആവശ്യപ്പെടുകയില്ല. അപ്രതീക്ഷിത കേന്ദ്രങ്ങളിൽ നിന്ന് വരുന്ന ഈമെയിൽ വഴി ലഭിക്കുന്ന യാതൊരു ലിങ്കിലും ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ ദുഷ്ടലാക്കോടു കൂടിയ കോഡുകൾ കണ്ടേക്കാം, അല്ലെങ്കിൽ അവ നിങ്ങളുടെ സാമ്പത്തിക വിവരങ്ങൾ തട്ടിയെടുക്കാനുള്ള ശ്രമമാകാം. ഈമെയിൽ/ഫോൺ/മറ്റ് അറിയിപ്പുകൾ വഴി നിങ്ങളുടെ അക്കൌണ്ട് സംബന്ധിച്ച വിവരങ്ങൾ ഉറപ്പിക്കാൻ ബാങ്ക് ഒരിക്കലും നിങ്ങളോട് ആവശ്യപ്പെടുകയില്ല. അത്തരം സംഭവങ്ങൾ ഉടൻ തന്നെ reportphishing@canarabank.com; cbgimb@canarabank.com എന്ന വിലാസത്തിൽ റിപ്പോർട്ട് ചെയ്യുക.**

നിങ്ങളുടെ ബാങ്കിംഗ് അനുഭവങ്ങൾ ലളിതവും സുഖകരവുമാക്കാൻ കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ അടുത്ത ന്യൂസ് ബുള്ളറ്റിൻ കാണുക. നിങ്ങളുടെ വിലയേറിയ പ്രതികരണങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ എല്ലായ്പ്പോഴും സ്വാഗതം ചെയ്യുന്നു. (ഈമെയിൽ: **nrihub@canarabank.com**; nrihelpdesk@canarabank.com) ബന്ധപ്പെടാനുള്ള നമ്പർ – 080 22280811 / **കോൾ കനറാ നമ്പർ** 080-22064232.

ധനം നിക്ഷേപിക്കാനുള്ള വിവിധ സൌകര്യങ്ങൾ/ഇൻഷൂറൻസ്/മ്യൂച്വൽ ഫണ്ട് പദ്ധതികൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകൾ ഉപയോഗിക്കാവുന്നതാണ്.

**ലൈഫ് ഇൻഷൂറൻസ് :**

http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**ഹെൽത്ത് ഇൻഷൂറൻസ് :**

http://www.canarabank.com/english/bank-services/personal-banking /insurance-business/health-insurance/

**ജനറൽ ഇൻഷൂറൻസ് :**

http://www.canarabank.com/english/bank-services/personal-banking/insurance-business/general-insurance/

**പ്രവാസി ഭാരതീയർക്കായുള്ള നിക്ഷേപ പദ്ധതികൾ :**

http://www.canarabank.com/english/bank-services/nri-banking/investment-facilities/

**മ്യൂച്വൽ ഫണ്ട്:**

http://www.canarabank.com/english/bank-services/personal-banking/mutual-funds/

**ഡിപ്പോസിറ്ററി സേവനങ്ങൾ :**

http://www.canarabank.com/english/bank-services/personal-banking/depository-services/

സുരക്ഷിതരായിരിക്കുക

canarabank    CanaraBankOfficial    canarabank    canarabankinsta